# Malayala Manorama

# 11 August 2018

# Aluva: Water Level rises, Flood Hit,

## കാലടി, മലയാറ്റൂർ, ആലുവ മേഖലകളിൽ ജലനിരപ്പ് ഉയർന്നു

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 53,501 പേർ ദുരിതാശ്വാസ ക്യാംപുകളിലാണ്. ജില്ലകളിലെ കണക്കിങ്ങനെ: വയനാട് 7367, പാലക്കാട് 3000, മലപ്പുറം 1,743, തൃശൂർ 1029, കോഴിക്കോട് 848, കണ്ണൂർ 539, ഇടുക്കി 533, കൊല്ലം ഒൻപത്.

രാത്രിയോടെ കാലടി, മലയാറ്റൂർ, ആലുവ മേഖലകളിൽ പെരിയാറിന്റെ ജലനിരപ്പ് ഒരടിയോളം ഉയർന്നു. ആലുവ മണപ്പുറം മുങ്ങിയതിനാൽ ഇന്നു കർക്കടകവാവുബലിക്കു പ്രത്യേക സജ്ജീകരണങ്ങളൊരുക്കി. കൊച്ചി രാജ്യാന്തര വിമാനത്താവളത്തിന്റെ പ്രവർത്തനത്തെ വെള്ളപ്പൊക്കം ബാധിച്ചില്ല.

വയനാട് ജില്ലയിൽ 14 വരെയും ഇടുക്കിയിൽ 13 വരെയും ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്നുവരെയും അതീവ ജാഗ്രത (റെഡ് അലർട്ട്) പ്രഖ്യാപിച്ചു.

മൂഴിയാർ, മണിയാർ എന്നിവയ്ക്കു പുറമെ ശബരിഗിരി പമ്പ അണക്കെട്ടു കൂടി തുറന്നതോടെ പമ്പ കരകവിഞ്ഞു. തീരത്ത് അതീവ ജാഗ്രതാനിർദേശം. ശബരിമലയിലെ പമ്പ ത്രിവേണി പൂർണമായും മുങ്ങി. കൊല്ലം തെന്മല പരപ്പാർ അണക്കെട്ടിന്റെ മൂന്നു ഷട്ടറുകളും കൂടുതൽ ഉയർത്തിയതോടെ കല്ലടയാറിലെ ജലനിരപ്പ് ഉയർന്നു. തീരങ്ങളിൽ ജാഗ്രതാനിർദേശം നൽകി. മൂന്നു കുടുംബങ്ങളിലെ ഒൻപതു പേരെ മാറ്റിപ്പാർപ്പിച്ചു. കക്കി ഡാം തുറന്നുവിട്ടതോടെ കുട്ടനാട്ടിൽ വീണ്ടും ജലനിരപ്പുയരാൻ സാധ്യത. മീനച്ചലാറിന്റെ വൃഷ്ടിപ്രദേശങ്ങളിൽ കനത്ത മഴ പെയ്തതും ജലനിരപ്പ് ഉയരാൻ കാരണമായേക്കും.

ഇന്നലെ ഉച്ചയ്ക്ക് ഇടുക്കി ചെറുതോണിയിലെ അഞ്ചു ഷട്ടറുകളും തുറന്നിട്ടും ജലനിരപ്പു കൂടിയതോടെ ഒഴുക്കിവിടുന്ന വെള്ളത്തിന്റെ അളവു കൂട്ടുകയായിരുന്നു. രാത്രി മുതൽ സെക്കൻഡിൽ എട്ടുലക്ഷം ലീറ്റർ വെള്ളമാണു ചെറുതോണിപ്പുഴയിലെത്തുന്നത്. എന്നാൽ കനത്ത മഴയും നീരൊഴുക്കും മൂലം സെക്കൻഡിൽ 9.5 ലക്ഷം ലീറ്റർ വെള്ളമാണു അണക്കെട്ടിലേക്ക് ഒഴുകിയെത്തിയത്. 2403 അടിയാണ് അണക്കെട്ടിന്റെ പരമാവധി സംഭരണശേഷിയായി പറയുന്നതെങ്കിലും 2408.5 അടി വരെ സംഭരിക്കാനാകുമെന്നു കെഎസ്ഇബി അറിയിച്ചു.

ചെറുതോണി പാലം വെള്ളത്തിനടിയിലാണ്. ചെറുതോണി ടൗണിലും വെള്ളം കയറി. ഹൈറേഞ്ചിലേക്കുള്ള പ്രധാന മാർഗമായ തൊടുപുഴ - പുളിയൻമല സംസ്ഥാനപാത കടന്നുപോകുന്നതു ചെറുതോണിപ്പുഴയിലൂടെയാണ്. അടിയന്തര സാഹചര്യം നേരിടാൻ 45 സൈനികരും 46 ദേശീയ ദുരന്തപ്രതികരണ സേനാംഗങ്ങളും ഇടുക്കി ജില്ലയിലെത്തി.




കുഞ്ഞുക്കുറുപ്പ്

ഉന്നത വിദ്യാഭ്യാസവും പൊതുവിദ്യാഭ്യാസവും രണ്ട് മന്ത്രിമാരുടെ കീഴിലാക്കുന്നു

